# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്

## ( കിർടാഡ്സ്) , കോഴിക്കോട് – 17

## 2012 – 2013 വർഷത്തെ ഭരണ റിപ്പോർട്ട്

| | | |
|---|---|---|
| വകുപ്പ് മന്ത്രിമാർ | : | കുമാരി . പി.കെ. ജയലക്ഷ്മി |
| | : | ശ്രീ. എ.പി. അനിൽകുമാർ |
| വകുപ്പ് സെക്രട്ടറി | : | ശ്രീ. ദേവേന്ദ്രകുമാർ ധൊദാവത്ത്, ഐ.എ.എസ് |
| ഡയറക്ടർ | : | ഡോ. ബിന്ദു.എസ്. |
| ഡെപ്യൂട്ടി ഡയറക്ടർ ( ഡവലപ്മെന്റ് സ്റ്റഡീസ്) i/c | : | ഡോ. പ്രദീപ്കുമാർ. കെ.എസ്. |
| ഡെപ്യൂട്ടി ഡയറക്ടർ ( ട്രെയിനിംഗ് ) - i/c | : | ശ്രീമതി. മിനി. പി.വി. |
| ഡെപ്യൂട്ടി ഡയറക്ടർ ( ആന്ത്രോപ്പോളജി ) | : | ശ്രീ. എ. മണിഭൂഷണൻ |
| സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ | : | ശ്രീ. കെ.വി.രാജീവ് |
| ഫൈനാൻസ് ആഫീസർ | : | ശ്രീ. സത്യൻ മക്കാത്ത് (30.11.2012 വരെ)<br>ശ്രീമതി. എം. ഷീല (01.02.2013 മുതൽ) |

***

# കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്

**( കിർടാഡ്സ്, കോഴിക്കോട് 17 )**

## 2012 – 2013 വർഷത്തെ ഭരണ റിപ്പോർട്ട്

## 1. ആമുഖം

ഗവൺമെന്റ് ഉത്തരവ്(എം.എസ്) 44/എൽ ആന്റ് എസ്.ഡബ്ല്യൂ.ഡി.,1970 മാർച്ച് 7 – ാം തീയതി , തൊഴിൽ സാമൂഹ്യക്ഷേമ (സി) വകുപ്പ് പ്രകാരം ഹരിജനക്ഷേമ വകുപ്പിന്റെ കീഴിൽ 1970 മാർച്ച് മാസത്തിൽ ട്രൈബൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ എന്ന പേരിൽ ഈ സ്ഥാപനം രൂപീകരിക്കപ്പെട്ടു. തുടക്കത്തിൽ ഈ സ്ഥാപനത്തിന് ട്രെയിനിംഗ് , റിസർച്ച് എന്നീ രണ്ട് വിഭാഗങ്ങൾ ആണ് ഉണ്ടായിരുന്നത്. പിന്നീട് ഗിരിജനക്ഷേമ വകുപ്പിന്റെ രൂപീകരണത്തോട് കൂടി 1979 ഒക്ടോബർ ആദ്യം വരെ ഗിരിജന ക്ഷേമവകുപ്പിന്റെ ഭാഗമായും പ്രവർത്തിച്ചു.1979 ഒക്ടോബറിൽ ഗവൺമെന്റ് ഉത്തരവ് (എം.എസ്) നം. 135/ 79/ ഡി.ഡി, തീയതി 23.10.1979 പ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച്, ട്രെയിനിംഗ് ആന്റ് ഡവലപ്പ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്) എന്ന പേരിൽ ഒരു പ്രത്യേക വകുപ്പായി പുന:സംഘടിപ്പിക്കപ്പെട്ടു. ഇതേതുടർന്ന് ഇതിന്റെ പ്രവർത്തനമേഖല പട്ടികജാതിക്കാരെക്കുറിച്ചുള്ള പഠനങ്ങളിലേക്ക്കൂടി വ്യാപിച്ചു. ഇതൊരു പ്രത്യേക വകുപ്പായി രൂപീകരിക്കുന്നതിന്നു മുൻപ് നൂറുശതമാനവും കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക ബാദ്ധ്യതയിലാണ് പ്രവർത്തിച്ചു പോന്നിരുന്നത്. പ്രത്യേക വകുപ്പായതിനു ശേഷം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50 : 50 എന്ന അനുപാത ക്രമത്തിലാണ് സാമ്പത്തിക ബാദ്ധ്യതകൾ ഏറ്റെടുത്ത് നടത്തിവരുന്നത്. ഈ സ്ഥാപനത്തിന്റെ തുടക്കം മുതൽ 1973 വരെ പ്രസിദ്ധ നരവംശ ശാസ്ത്രജ്ഞനായ ഡോ. എ. അയ്യപ്പനായിരുന്നു സ്പെഷ്യൽ ആഫീസർ എന്ന പേരിൽ സാരഥ്യം വഹിച്ചിരുന്നത്. പിന്നീട് വിവിധ കാല ഘട്ടങ്ങളിലായി ഡോ. പി.ആർ.ജി.മാത്തൂർ, ശ്രീ. സി. ചന്ദ്രൻ, ഐ.എ.എസ്.,ശ്രീ. വി. അപ്പു, ഡോ.സത്യനാരായണ ദാഷ്,. ഐ.എ.എസ്, ശ്രീ. യു.കെ.എസ്. ചൗഹാൻ, ഐ.എ.എസ്, ഡോ. എൻ. വിശ്വനാഥൻ നായർ, ഡോ. പി.കെ. സുകുമാരൻ നായർ എന്നിവർ ഈ വകുപ്പിന്റെ ഡയറക്ടർമാരായി പ്രവർത്തിച്ചു. 1. 5. 2003 മുതൽ മെയ് 2005 വരെ പട്ടികവർഗ്ഗ വകുപ്പ് ഡയറക്ടർ ശ്രീ. ടി.ടി. ആന്റണി ഐ.എ.എസ്, ഈ വകുപ്പിന്റെ ഡയറക്ടറുടെ അധികചുമതല വഹിച്ചു. 3.6.2005 മുതൽ 5.12.2005 വരെ ഈ വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ.വി. കെ. മോഹൻകുമാർ ഡയറക്ടറുടെ അധിക ചുമതല വഹിച്ചു. 6.12.2005 മുതൽ ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയിലെ നരവംശ ശാസ്ത്രജ്ഞനായ ഡോ.എം. ശശികുമാർ ഈ വകുപ്പിന്റെ ഡയറക്ടറായി ചുമതല വഹിച്ചു. കൂടാതെ മുൻ വർഷങ്ങളിൽ

ശ്രീ. ഇ. അയ്യപ്പൻ - ഐ.എ.എസ്സ്, ശ്രീ. പി.പി.ഗോപി- ഐ.എ.എസ്സ്, ശ്രീ. ശശിധര - ഐ.എ. എസ്സ്. എന്നിവർ ഈ വകുപ്പിന്റെ ഡയറക്ടറുടെ അധികചുമതല വഹിച്ചിരുന്നു. റിപ്പോർട്ട് വർഷം ശ്രീ.എൻ. പ്രശാന്ത് -ഐ.എ.എസ്സ് ശ്രീമതി. എസ്. ലളിതാംബിക ഐ.എ.എസ്സ്, ശ്രീ. എ. മണിഭൂഷണൻ എന്നിവർ ഈ വകുപ്പിന്റെ ഡയറക്ടറുടെ അധിക ചുമതല വഹിക്കുകയും, 23.11.2011 മുതൽ പി.എസ്.സി. അഡ്വൈസ് ചെയ്തതുപ്രകാരം ഡോ.ബിന്ദു.എസ് ഈ വകുപ്പിന്റെ ഡയറക്ടറുടെ ചുമതല ഏറ്റെടുത്ത് നടത്തിവരികയും ചെയ്യുന്നു.

- ഈ വകുപ്പിന്റെ ഘടന വ്യക്തമാക്കുന്ന ചാർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 2. വകുപ്പിന്റെ ഘടന

കേരള സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇതരവകുപ്പുകളിൽ നിന്നും വ്യത്യസ്ത മായ ഒരുഘടനയാണ് ഈ വകുപ്പിനുള്ളത്. ഇതിന്റെ പ്രവർത്തനമേഖല സംസ്ഥാന വ്യാപക മാണെങ്കിലും ഇതര വകുപ്പുകൾക്കുള്ളതുപോലെ മേഖലാടിസ്ഥാനത്തിലോ, ജില്ലാടിസ്ഥാന ത്തിലോ ഓഫീസുകൾ ഈ വകുപ്പിനില്ല. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും ആസ്ഥാനമായ കോഴിക്കോട് കേന്ദ്രമായാണ് നടത്തിവരുന്നത്.

ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെ താഴേ ചേർത്തിരിക്കുന്ന പ്രകാരം അഞ്ചു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

1. ഭരണ നിർവ്വഹണ വിഭാഗം
2. ഗവേഷണ വിഭാഗം
3. പരിശീലന വിഭാഗം
4. വികസന പഠന വിഭാഗം
5. ആദികലാകേന്ദ്രം , മ്യൂസിയം & ലൈബ്രറി .

- ഈ വകുപ്പിന്റെ വെബ്സൈറ്റ് , ഫോൺ നമ്പർ , ഫാക്സ് നമ്പർ എന്നിവ താഴെ കൊടുക്കുന്നു.

വെബ് സൈറ്റ് : www. kirtads.kerala.gov.in

ഇ.മെയിൽ : kirtads @ gmail.com

dirkirtads@gmail.com

ഫോൺ നം. 0495 – 2357329, 2356805 , ഫാക്സ് നം . 0495 – 2357329

മൊബൈൽ ഫോൺ( ഡയറക്ടർ ) നം. 9447767329

## 3. വകുപ്പിന്റെ പ്രവർത്തനങ്ങളും, ഉദ്ദേശ ലക്ഷ്യങ്ങളും

ഈ വകുപ്പ് സെക്രട്ടേറിയറ്റിലെ പട്ടികജാതി - പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുവരുന്നത് പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ കല, സംസ്ക്കാരം, ജീവിതരീതി, വിദ്യാഭ്യാസം മറ്റുമേഖലയിലുള്ള പുരോഗതി, ദൈനംദിന ജീവിതപ്രശ്നങ്ങൾ ബൗദ്ധികസ്വത്തവകാശം എന്നിവയെപ്പറ്റി അടിസ്ഥാനപരമായി ഗവേഷ ണങ്ങൾ നടത്തി അവരുടെ സർവ്വതോന്മുഖമായ പുരോഗതിയെ മനസ്സിലാക്കി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ആസൂത്രണ രംഗത്ത് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുക, ഇത്തരം വികസന പ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും പട്ടികവിഭാഗ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥന്മാർക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സംസ്ക്കാരം, ജീവിതരീതി, അവരുടെ പുരോഗതി പ്രക്രിയയിലുള്ള പ്രശ്നങ്ങൾ എന്നിവയിൽ വേണ്ടത്ര അറിവ് നൽകുന്നതിനുതകുന്ന വിധത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്കും നേതാക്കൾക്കും സർക്കാറിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് ഭരണഘടന നൽകുന്ന പ്രത്യേകാ വകാശങ്ങളെയും സംരക്ഷണങ്ങളെയും കുറിച്ച് ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങളിലും നേതൃത്വ പരിശീലനം നൽകുക, ആദിവാസികളുടെ ചികിത്സാ സമ്പ്രദായത്തെക്കുറിച്ചു പഠിക്കുന്നതോടൊപ്പം അവർ ഉപയോഗിച്ചുവരുന്ന പച്ചമരുന്നുകൾ തിരിച്ചറിയുവാനും ശേഖരിക്കുവാനും ഉപയോഗിക്കുവാനും വിപണനം ചെയ്യുവാനും പട്ടികവർഗ്ഗ യുവാക്കൾക്ക് അവരുടെ മൂപ്പന്മാരുടെ സഹായത്തോടെ പരിശീലനം നൽകുക തുടങ്ങിയ പരിശീലന പരിപാടികളും; വികസനപദ്ധതികൾ എത്രകണ്ട് അവർക്ക് പ്രയോജന പ്രദമായിട്ടുണ്ടെന്ന് വിലയിരുത്തുക, അത്തരം പദ്ധതികളുടെ നടത്തിപ്പിൽ അപാകതകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക, ക്ഷേമപ്രവർ ത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിലയിരുത്തൽ പഠനങ്ങൾ നടത്തുക, അനർഹമായി പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കാനുള്ള പ്രവണതയോടെ ഇതരവിഭാഗക്കാർ നടത്തിവരുന്ന ജാതിമാറ്റ സംമ്പ്രദായം അന്വേഷണവിധേയമാക്കി, അത്തരക്കാരെ നിരുൽസാഹപ്പെടുത്തുവാനും പുറത്താക്കാനും പഠനങ്ങൾ നടത്തുക, തുടങ്ങിയ ഗവേഷണ അധിഷ്ഠിത പ്രവർത്തനങ്ങളാണ് ഈ വകുപ്പ് ഏറ്റെടുത്ത നടത്തി 1996 ലെ കേരള (പട്ടികജാതി പട്ടികവർഗ്ഗ ) സമുദായ സർട്ടിഫിക്കറ്റ് ക്രമപ്പെടുത്തൽ ആക്ട് 11 അനുസരിച്ച് ഈവകുപ്പിലെ നരവംശ ശസ്ത്രവിഭാഗത്തെ ഒരു വിദഗ്ധ ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട് . പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കലകൾ, നൃത്തങ്ങൾ, കരകൗശല വൈദഗ്ധ്യം തുടങ്ങിയവ പരിപോഷിപ്പിക്കുക, ഗോത്ര സംസ്കാരം പ്രതിബിംബിപ്പിക്കുന്ന മ്യൂസിയം സജ്ജീകരിക്കുക തുടങ്ങിയവയും ഈ വകുപ്പിന്റെ പ്രവർത്തന മേഖലകളാണ്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ വകുപ്പിലെ ഗവേഷണ വിഭാഗം, പരിശീലനവിഭാഗം, വികസന പഠന വിഭാഗം, ഭാഷാ ശാസ്ത്ര വിഭാഗം എന്നീ മുഖ്യവിഭാഗങ്ങൾ വഴി നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്നു.

**ഈ വകുപ്പിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിവരം താഴെ കൊടുക്കുന്നു.**

| **ക്രമ നമ്പർ** | **തസ്തികകകളുടെ പേര്** | **ശമ്പള സ്കെയിൽ** | **തസ്തികകളുടെ എണ്ണം** |
|---|---|---|---|
| എ. ഗസറ്റഡ് തസ്തിക | | | |
| 1. | ഡയറക്ടർ | 42640 – 58640 | 1 |
| 2. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 22360-37940 | 1 |
| 3. | ഫിനാൻസ് ഓഫീസർ | 22360-37940 | 1 |
| 4. | ഡെപ്യൂട്ടി ഡയറക്ടർ ( ട്രെയിനിംഗ് ) | 24040-38840 | 1 |
| 5. | ഡെപ്യൂട്ടി ഡയറക്ടർ (ആന്ത്രോപ്പോളജി) | 24040-38840 | 1 |
| 6. | ഡെപ്യൂട്ടി ഡയറക്ടർ ( ഡവലപ്പ്മെന്റ് സ്റ്റഡീസ് ) | 24040-38840 | 1 |
| 7. | ലക്ചറർ (ആന്ത്രോപ്പോളജി/ സോഷ്യോളജി) | 20740-36140 | 3 |
| 8. | റിസർച്ച് ഓഫീസർ(ആന്ത്രോപ്പോളജി) | 20740-36140 | 7 |
| 9. | റിസർച്ച് ഓഫീസർ (സ്റ്റാറ്റിസ്റ്റിക്സ്) | 20740-36140 | 1 |
| 10. | കംപ്യൂട്ടർ ഓപ്പറേറ്റർ | 19240-34500 | 1 |
| | **ബി. നോൺ ഗസറ്റഡ് തസ്തിക** | | |
| 11. | സ്റ്റാറ്റിസ്റ്റിഷ്യൻ | 15380-25900 | 1 |
| 12. | റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി) | 14620-25280 | 3 |
| 13. | റിസർച്ച് അസിസ്റ്റന്റ് (ആന്ത്രോപ്പോളജി) | 14620-25280 | 5 |
| 14. | റിസർച്ച് അസിസ്റ്റന്റ് ( ലിംഗ്വിസ്റ്റിക്സ്) | 14620-25280 | 1 |
| 15. | കാർട്ടോഗ്രാഫർ | 14620-25280 | 1 |
| 16. | ലൈബ്രേറിയൻ ഗ്രേഡ് 3 | 14620-25280 | 1 |
| 17. | ക്യൂറേറ്റർ | 13210-22360 | 1 |
| 18. | ഇൻവെസ്റ്റിഗേറ്റർ((ആന്ത്രോപ്പോളജി/ സോഷ്യോളജി) | 11620-20240 | 6 |
| 19. | ജൂനിയർ സൂപ്രണ്ട് | 16180-29180 | 1 |
| 20. | യു.ഡി. ക്ലാർക്ക് | 13210-22360 | 2 |
| 21. | ടൈപ്പിസ്റ്റ് (സെലക്ഷൻ ഗ്രേഡ് ) | 14620-25280 | 1 |
| 22. | യു.ഡി. ടൈപ്പിസ്റ്റ് | 13210-22360 | 1 |
| 22. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 10480-18300 | 1 |

| | | | |
|---|---|---|---|
| 23. | എൽ.ഡി. ക്ലാർക്ക് | 9940-16580 | 2 |
| 24. | എൽ.ഡി. ടൈപ്പിസ്റ്റ് | 9940-16580 | 1 |
| 25. | ഡ്രൈവർ | 9190-15780 | 4 |
| 26. | മ്യൂസിയം അന്ഡന്റന്റ് | 8730-13540 | 1 |
| 27. | റിക്കാർഡ് അന്ഡന്റർ | 8730-13540 | 1 |
| 28. | പ്യൂൺ | 8500-13210 | 4 |
| 29. | വാച്ച്മാൻ | 8500-13210 | 1 |
| 30. | നൈറ്റ് വാച്ച്മാൻ | 8500-13210 | 1 |
| 31. | സ്വീപ്പർ .. കം.. വാച്ച്മാൻ | 8500-13210 | 1 |
| 32. | പാർട്ട് ടൈം.. സ്വീപ്പർ | 4850-7500 | 1 |
| | **ആകെ** | | **60** |

- റിപ്പോർട്ട് വർഷാവസാനം ഈ വകുപ്പിൽ നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| തസ്തികയുടെ പേര് | | | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | ഡയറക്ടർ | : | 1 |
| 2. | ഡെപ്യൂട്ടി ഡയറക്ടർ (ആന്ത്രോപ്പോളജി) | : | 1 |
| 3. | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | : | 1 |
| 4. | ഫിനാൻസ് ഓഫീസർ | : | 1 |
| 5. | ലക്ചറർ (ആന്ത്രോപ്പോളജി/സോഷ്യോളജി) | : | 3 |
| 6. | റിസർച്ച് ഓഫീസർ (ആന്ത്രോപ്പോളജി ) | : | 7 |
| 7. | റിസർച്ച് ഓഫീസർ (സ്റ്റാറ്റിസ്റ്റിക്സ്) | : | 1 |
| 8. | റിസർച്ച് അസിസ്റ്റന്റ് (ആന്ത്രോപ്പോളജി) | : | 2 |
| 9. | റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി) | : | 1 |
| 10. | ലൈബ്രേറിയൻ (ഗ്രേഡ് - III ) | : | 1 |
| 11. | സ്റ്റാറ്റിസ്റ്റിഷ്യൻ | : | 1 |

| | | | |
|---|---|---|---|
| 12. | ഇൻവെസ്റ്റിഗേറ്റർ (ആന്ത്രോപ്പോളജി/സോഷ്യോളജി) | : | 5 |
| 13. | കാർട്ടോഗ്രാഫർ | : | 1 |
| 14. | ജൂനിയർ സൂപ്രണ്ട് | : | 1 |
| 15. | യു.ഡി. ക്ലാർക്ക് | : | 2 |
| 16. | ടൈപ്പിസ്റ്റ് ( സെ.ഗ്രേഡ്) | : | 1 |
| 17. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | : | 1 |
| 18. | എൽ.ഡി. ക്ലാർക്ക് | : | 2 |
| 19. | എൽ.ഡി. ക്ലാർക്ക് (സൂപ്പർ ന്യൂമററി) | : | 1 |
| 20. | എൽ.ഡി. ടൈപ്പിസ്റ്റ് | : | 1 |
| 21. | ഡ്രൈവർ | : | 4 |
| 22 | റിക്കാർഡ് അറ്റന്റർ | : | 1 |
| 23 | ഓഫീസ് അറ്റന്റന്റ് | : | 3 |
| 24 | സ്വീപ്പർ .. കം.. വാച്ച്മേൻ | : | 1 |
| 25. | പാർട്ട് ടൈം.. സ്വീപ്പർ | : | 1 |
| 26 | വാച്ച്മാൻ | : | 1 |
| 27 | നൈറ്റ് വാച്ച്മേൻ | : | 1 |

അനുവദിച്ച തസ്തികകൾ : 60

വിജിലൻസ് വിഭാഗത്തിലേക്ക് ഒരു വർഷത്തേക്ക്
കരാർ അടിസ്ഥാനത്തിൽ അനുവദിച്ച തസ്തികകൾ : 27
(12.12.2012 ലെ സ.ഉ (ആർ.ടി) നം.1575/12/
പജ.പവ.വിവ. പ്രകാരം)

റിപ്പോർട്ട് വർഷാവസാനം നിലവിലുണ്ടായിരുന്ന
ജീവനക്കാരുടെ എണ്ണം : 47+ 27 = 74

- സ്ഥിരം ജീവനക്കാർ : 47
- കരാർ ജീവനക്കാർ : 27
- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം : ഇല്ല

- റിപ്പോർട്ട് വർഷത്തിൽ പി.എസ്.സി. വഴി നിയമനം : 13
- സമാശ്വാസ തൊഴിൽ പദ്ധതി : 1
- റിട്ടയർമെന്റ് : 4

റിപ്പോർട്ട് വർഷം ഇൻവെസ്റ്റിഗേറ്റർ തസ്തികയിൽ - 7 പേരേയും കാർട്ടോഗ്രാഫർ തസ്തികയിൽ - 1, ഡ്രൈവർ- 1, ഓഫീസ് അറ്റന്റന്റ്- 1, വാച്മാൻ-1, നൈറ്റ്വാച്മാൻ-1, എൽ. ഡി. ടൈപ്പിസ്റ്റ്- 1 എന്നിവയടക്കം മൊത്തം 13 പേർക്ക് പി. എസ്. സി. വഴി നിയമനം നൽകി. കൂടാതെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയിൽ 1 ആൾക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകി.

## റിപ്പോർട്ട് വർഷം ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ

## 2012 - 2013

1. ഇടുക്കി ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളും : പട്ടികവർഗ്ഗ നിയമങ്ങളും : ഒരു അവലോകനം.
2. ജനിതക വൈവിധ്യ ആക്റ്റിന്റെ പശ്ചാത്തലത്തിൽ ഗോത്രവർഗ്ഗക്കാരുടെ പാരമ്പര്യ അറിവുകളുടെ ശേഖരണം . നിലവിൽ ലഭ്യമായ വംശീയ വൈദ്യ അറിവുകളുടെ ക്രോഡീകരണം. വയനാട്. മലപ്പുറം, കാസർഗോഡ്, ഈടുക്കി, പാലക്കാട് . തിരുവനന്തപുരം ജില്ലകളിൽ .
3. വംശീയ വൈദ്യൻമാരുടെ പുതുക്കിയ വംശീയ വൈദ്യ ഡയറക്ടറി മലയാളത്തിൽ തയ്യാറാക്കൽ.
4. പട്ടികജാതി/വർഗ്ഗ അതിക്രമം തടയൽ നിയമവും കേരളത്തിലെ സെപ്ഷൽ മൊബൈൽ സ്ക്വാഡുകളും (SMS) : ഒരു വിലയിരുത്തൽ പഠനം.
5. 2011 – 2012 പൂർത്തിയായ ഗവേഷണ പഠനങ്ങൾ പ്രസിദ്ധീകിരക്കണം .
6. പട്ടികവർഗ്ഗ കരിംപാലൻ സമുദായത്തിന്റെ പൂർണ്ണമായ വ്യാകരണം പൂർത്തീകരിക്കണം.
7. ചില പ്രധാന മുൻകാല വിലയിരുത്തൽ പഠനങ്ങളുടേയും ഗവേഷണ പഠനങ്ങളുടേയും ലൈബ്രറി കോപ്പി തയ്യാറാക്കൽ .
8. വംശീയ വൈദ്യൻമാർക്ക് വാർഷീക ഗ്രാന്റ് നൽകുക .
9. പട്ടികവർഗ്ഗ മലപണ്ടാരം സമുദായക്കാരുടെ അടിസ്ഥാന വിവരശേഖരണം .

## നരവംശശാസ്ത്ര വിഭാഗം

1996 ലെ ആക്ട് 11 പ്രകാരം ഗവേഷണ വിഭാഗത്തിലെ വിജിലൻസ് സെൽ സമുദായ നിർണ്ണയ പഠനങ്ങൾ നടത്തുന്നതിനും, സംശയാസ്പദമായ പട്ടികജാതി/പട്ടികവർഗ്ഗ സമുദായ അവകാശങ്ങൾ അന്വേഷിക്കുന്നതിനുമുള്ള വിദഗ്ധ ഏജൻസിയായി പ്രവർത്തിച്ചുവരുന്നു. ഈ ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നവയ്ക്കു വേണ്ടിയുള്ള ജാതി നിർണ്ണയ കേസുകളുടെ നരവംശശാസ്ത്രപരമായ അന്വേഷണം, ഗവേഷണ വിഭാഗത്തിലെ വിജിലൻസ് സെൽ നടത്തിവരുന്നു. കഴിഞ്ഞ വർഷം പൂർത്തിയാക്കിയ കേസുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

### I) വിജിലൻസ് സെൽ തയ്യാറാക്കിയ സ്ക്രൂട്ടിനി കമ്മിറ്റി കേസുകൾ

1996 ലെ ആക്ട് 11 പ്രകാരം പ്രവർത്തിക്കുന്ന സ്ക്രൂട്ടിനി കമ്മിറ്റി, വ്യാജ പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് നേടുകയും, നേടികൊണ്ടിരിക്കുന്നതുമായ കേസുകളിന്മേൽ നരവംശശാസ്ത്രപരമായ അന്വഷണത്തിനായി ശുപാർശ ചെയ്തിരുന്നു. അത്തരത്തിൽ കഴിഞ്ഞ ഒരു വർഷമായി പൂർത്തീകരിച്ച കേസുകൾ താഴെ നൽകുന്നു. 22 പട്ടിക ജാതി കേസുകളും 7 പട്ടികവർഗ്ഗ കേസുകളും പൂർത്തീകരിച്ചിരിക്കുന്നു.

1. നമ്പർ V 18/2011 തീയ്യതി 17.4.2012 പ്രകാരം ശ്രീ. വിൻസെന്റ്.പി.എസ്. S/o.സൈമൺ, പുതുചിരാകുഴി ഹൗസ്, പിലാക്കാവ് (പി.ഒ), മാനന്തവാടി, വയനാട് എന്നവരുടെ എസ്സ്.റ്റി കുറിച്യൻ കൺവർട്ടഡ് ടു ക്രിസ്ത്യാനിറ്റി അവകാശവാദം ശരിയാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചു.
2. V 16/2011 തീയ്യതി 4.06.2012 പ്രകാരം ശ്രീ.രാജീവ്.കെ.എസ്., അസിസ്റ്റന്റ് ജനറൽ മാനേജർ, കേരള ഫിനാൻഷ്യൽ കോർപറേഷൻ, തിരുവനന്തപുരം എന്നവരുടെ കാക്കാലൻ അവകാശവാദം ശരിയാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സ്ക്രൂട്ടിനികമ്മിറ്റിക്ക് സമർപ്പിച്ചു.
3. നമ്പർ V. 66/2010 തീയ്യതി 10.07.2012 പ്രകാരം ശ്രീ.പി.എൽ ജോൺ ആലിയകുഞ്ഞുട്ടിക്കും കുടുംബത്തിനുമെതിരേ (പെരുംബാലിയിൽ ഹൗസ്, വെള്ളാറ, നല്ലാംപാറ, മൂനിലാവു പി. ഒ, കോട്ടയം) ശ്രീ. രാജൻ, പ്രസിഡന്റ്, അഖില കേരള തിരുവിതാംകൂർ മല അരയ മഹാസഭ, കോട്ടയം നൽകിയ പരാതി പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിച്ചു.
4. നമ്പർ V 73/2009 തീയ്യതി: 12.07.2012 പ്രകാരം ശ്രീ. ശരത് , S/o സത്യനാഥൻ, പാലക്കപറമ്പിൽ, പായനാട്, മഞ്ചേരി, മലപ്പുറം - എസ്.സി കടയ്യൻ അവകാശവാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചു.
5. നമ്പർ V 109/2010 തീയതി: 09.07.2012 പ്രകാരം ശ്രീമതി.വസന്തകുമാരി.എൻ, D/o(Late) കുഞ്ഞികൃഷ്ണൻ, പൈങ്ങടത്ത് ഹൗസ്, പെരുംപറമ്പ്, ഇരിട്ടി, കണ്ണൂർ - സുമോട്ടോ

പ്രകാരം അന്വേഷിച്ചതിനെ തുടർന്ന് എസ്.ടി അടിയാൻ അവകാശവാദം തെറ്റാണെന്ന് തെളിയക്കപ്പെട്ടു.

6. നമ്പർ V. 40/04, തീയ്യതി: 12.07.12 പ്രകാരം ശ്രീ. എം.കെ.പുരുഷോത്തമൻ, മുണ്ടപ്ലാക്കൽ കാഞ്ചാർ, ഇടുക്കി എന്നവർക്കെതിരേയുള്ള ശ്രീ.രാജു, കുരിക്കാട്ടയിൽ ഹൗസ്, വാഴ ത്തോപ്പ്, ഇടുക്കി - യുടെ പരാതിയിൽ അന്വേഷണം നടത്തിയതിനെ തുടർന്ന് എസ്.സി പുലയ അവകാശവാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചു.

7. നമ്പർ V 11/09, തീയ്യതി 9.07.2012 റിപ്പോർട്ട് പ്രകാരം ശ്രീ. ഈപ്പൻ ഫ്രാൻസിസ് TC 4/1873 'F3' 3, PRS ഗ്രേസ്, ന്യൂ പണ്ഡിറ്റ്സ് കോളനി, കവടിയാർ, തിരുവനന്തപുരം - എസ്.ന്റി മല അരയ കൺവർട്ടഡ് ടു ക്രിസ്റ്റ്യാനിന്റി അവകാശവാദം ശരിയാണെന്ന് തെളി യിക്കപ്പെട്ടു.

8. നമ്പർ V 2/04 തീയ്യതി: 10.07.12 പ്രകാരം ശ്രീ.കെ.എ.ശേഖർ ഏലിയാസ് സ്റ്റീഫൻ, ശേഖർ, ആനായി ഇല്ലം, പാമ്പണർ, പീരുമേട്, ഇടുക്കി എന്നവരുടെ ഹിന്ദു - സാംബവർ അവകാശവാദം ശ്രീ.സുരേഷ് ബാബു, S/o അയ്യാദുരൈ, വേലപ്പ നിവാസ് പാമ്പാനാർക്ക ര, പീരുമേട് എന്നവുടെ പരാതി പ്രകാരം തെറ്റാണെന്നുള്ള റിപ്പോർട്ട് സമർപ്പിച്ചു.

9. നമ്പർ V 12/12 തീയ്യതി: 8.8.12 പ്രകാരം ശ്രീമതി നിർമല ദേവി.ടി, D/o തങ്കമ്മ പുളിങ്ങല വീട്, നിഷ നിവാസ്, മഹാദേവേശ്വരം, കിളിമാനൂർ, തിരുവനന്തപുരം - മണ്ണാൻ അവകാ ശവാദം ശ്രീ.മരുതൻ, നിഷ മൻസിൽ, വള്ളക്കടവ്, തിരുവനന്തപുരം എന്നവരുടെ പരാതി പ്രകാരം തെറ്റാണെന്നുള്ള റിപ്പോർട്ട് സമർപ്പിച്ചു.

10. നമ്പർ V04/06 തീയ്യതി 26.09.2012 പ്രകാരം ശ്രീ. പവൻ രാജ് S/o.പെരിയസ്വാമി, പുതുപറ മ്പിൽ ഹൗസ്, കാൽക്കൊൻതാൽ, ഉടുമ്പൻചോല, ഇടുക്കി എന്നവരുടെ കവറ അവകാശ വാദം തെറ്റാണെന്നും ടിയാൾ റവറ നായിഡുവാണെന്നും തെളിയിക്കുന്ന അന്വേഷണ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

11. നമ്പർ V18/2012 തീയ്യതി 22.9.12 പ്രകാരം ശ്രീ.വിക്രമൻ, ചരുവിള, പുത്തൻവീട്, മൈലം, കൊട്ടാരക്കര, കൊല്ലം എന്നവരുടെ നായാടി അവകാശവാദം തെറ്റാണെന്നും അദ്ദേഹം കോടങ്കി നായ്ക്കൻ സമുദായാംഗമാണെന്നുമുള്ള റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

12. നമ്പർ V5/2006 നമ്പർ (V88/2004) തീയ്യതി 20.9.12 പ്രകാരം ശ്രീ. സുനിൽ.എസ്, ആരാട്ടിൽ ഹൗസ്, പെരുവാക, മാനന്തവാടി, വയനാട് എന്നവരുടെ കുറിച്യൻ അവകാശവാദം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

13. നമ്പർ V 40/2011 തീയ്യതി 4.9.2012 പ്രകാരം ഡോ.ലക്ഷ്മി.എസ് അരവിന്ദ്, ഇന്ദീവരം, കളർകോട്, ആലപ്പുഴ എന്നവർക്കെതിരേ ഡോ.എൻ. മോഹനൻ എന്നവരുടെ പരാതി പ്രകാരം എസ്.ടി. ഉള്ളാടൻ അവകാശവാദം ശരിയാണെന്ന് തെളിയിച്ചുകൊണ്ടുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു.

14. നമ്പർ V72/08 തീയ്യതി 19.9.2012 പ്രകാരം ശ്രീമതി. പി.ഐ. ഏലിയാമ്മ, കുഴിക്കൽ പ്ലാക്കൽ ഹൗസ്, വാഴക്കാല, കൊച്ചി-21 എന്നവരുടെ മലഅരയ കൺവർട്ടഡ് ടു ക്രിസ്റ്റ്യാനിറ്റി എന്ന അവകാശവാദം ശരിയാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

15. നമ്പർ V31/2006 തീയ്യതി 20.9.12 പ്രകാരം ശ്രീ. അരുൺദാസ്.കെ.എസ്., കല്ലുവിള കാച്ചുതുണ്ടിൽ (മാനവം), കൊല്ലം എന്നവരുടെ എസ്.സി. പള്ളൻ അവകാശവാദം തെറ്റാണെന്ന റിപ്പോർട്ട് സമർപ്പിച്ചു.

16. നമ്പർ V38/2011 തീയ്യതി 04.09.2012 പ്രകാരം ശ്രീ. എ.ബാലൻ, ടിൻസ്മിത്ത്, സതേൺ റയിൽവേ, പാലക്കാട് എന്നവരുടെ കടയൻ അവകാശവാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

17. നമ്പർ V32/2003 തീയ്യതി 04.09.12 പ്രകാരം ശ്രീമതി ഇന്ദിര.എൻ.വി, കുളങ്ങര പറമ്പിൽ, അക്കോടിക്കാവു, വലപ്പായ, മുളങ്കുന്നത്തുകാവ് പി.ഒ, തൃശ്ശൂർ എന്നവരുടെ ചെട്ടിയാർ (പണ്ടാരം) അവകാശവാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചു.

18. നമ്പർ V17/12 തീയ്യതി 5.10.12 പ്രകാരം ശ്രീ. വിവേകാനന്ദൻ, ചരുവിള പുത്തനൻവീട്, മൈലം, കൊട്ടാരക്കര, കൊല്ലം എന്നവരുടെ നായാടി അവകാശവാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചു.

19. നമ്പർ V. 40/2007 തീയ്യതി 23.11.2012 പ്രകാരം ശ്രീ. രാജൻ.പി, സരയു, കയ്യാലവിള, പുത്തൻവീട്, പറയകട്ടുകോണം, ചായ്കാട്ടുകോണം, തിരുവനന്തപുരം എന്നവരുടെ എസ്.ടി ഊരാളി അവകാശവാദം തെറ്റാണെന്ന് തെളിയിക്കപ്പെട്ടു.

20. നമ്പർ V20/04 തീയ്യതി 26.11.12 പ്രകാരം ശ്രീമതി.സിന്ധു D/o വേലായുധൻ, തളിയാടി വേളി ഹൗസ്, കെ.ആർ പുരം, പള്ളിപ്പുറം, ചേർത്തല, ആലപ്പുഴ എന്നവരുടെ ഉള്ളാടൻ അവകാശവാദം ശരിയാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചു.

21. നമ്പർ V.27/09 തീയ്യതി 29.9.12 പ്രകാരം ശ്രീമതി. ഷൈലജ.എം.എൻ, പുറത്തിട്ടയിൽ ഹൗസ്, എസ്.എച്ച് മൗണ്ട്, പി.ഒ നാട്ടശ്ശേരി, കോട്ടയം എന്നവരുടെ പരവൻ അവകാശവാദം ശ്രീ. ടി.കെ.രാജൻ, സെക്രട്ടറി, കേരള പരവൻ &ഭരതൻ സർവീസ് സൊസൈറ്റി, കോട്ടയം - പരാതി പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

22. നമ്പർ V 2/2012 തീയ്യതി 22.12.2012 പ്രകാരം ശ്രീമതി. റോഷ്നി റാണി, D/o വർഗ്ഗീസ് ഏലിയാസ്, കാച്ചുകുഞ്ഞും മറ്റുള്ളവരും. അസാടി TC4/118, മൺവിള, കുഴക്കും കര, കുളത്തൂർ, തിരുവനനതപുരം എന്നിവർക്കെതിരേ ശ്രീ.പി.കെ. ശശികുമാർ, TC 51/2501 ഒളിമ്പിയ ഹൗസ്, നേമം, തിരുവനന്തപുരം എന്നവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ സാംബവ അവകാശ വാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചു.

23. നമ്പർ V 34/2007 തീയ്യതി 28.01.2013 പ്രകാരം ശ്രീ. രാജൻ, ശ്രീലകം, പോസ്റ്റ് ഓഫീസ് (ജം), ചാത്തന്നൂർ, കൊല്ലം എന്നവരുടെ എസ്.സി. വണ്ണാൻ അവകാശവാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

24. V. 48/2012 തീയ്യതി 25.01.2013 റിപ്പോർട്ട് പ്രകാരം ശ്രീ. എ.കെ.ബാബു അടിമൂളിതറയിൽ, സൗത്ത് റോഡ് പൊന്നാനി, മലപ്പുറം എന്നവരുടെ എസ്.സി.ചക്ലിയൻ അവകാശവാദം തെറ്റാണെന്നുള്ള റിപ്പോർട്ട് മലപ്പുറം ജില്ലാകളക്ടർക്ക് സമർപ്പിച്ചു.

25. നമ്പർ V 56/09 തീയ്യതി 06.02.13 പ്രകാരം ശ്രീ. ജയചന്ദ്രൻ ഏലിയാസ് ജോയ്, അനന്തു ഭവൻ, രാജീവ് നഗർ, ഗംഗാറോഡ്, കുലകോട്, വെള്ളനാട് പി.ഒ, തിരുവനന്തപുരം എന്ന വരുടെ ഹിന്ദു-സാംബവർ അവകാശവാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചു.

26. നമ്പർ ഡി1. 1296/10 V 88/10 തീയ്യതി 07.02.13 പ്രകാരം ഓമനക്കുട്ടൻ.എം.ജെ, ഏലിയാസ് മാർട്ടിൻ S/o.(Late) ജനാർദ്ദനൻ, മേക്കുളം ഹൗസ്, കൊല്ലം പട്ടാട, കുമിളി, ഇടുക്കി എന്ന വരുടെ ഹിന്ദു ചേരമർ അവകാശവാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

27. നമ്പർ ഡി1 3165/10 , V.123/10 തീയ്യതി 07.2.13 പ്രകാരം ശ്രീ. മോഹൻദാസ് ഗാന്ധി, ആശാരിവീട്, കോവിലൂർ, വട്ടവട, ദേവീകുളം, ഇടുക്കി എന്നവരുടെ ഭരതർ അവകാശ വാദം ശ്രീ. കറുപ്പയ്യൻ. S/o.ശങ്കരൻ, വഞ്ചിവയൽ, കോവിലൂർ, ഇടുക്കി എന്നവരുടെ പരാതി പ്രകാരം ജാതി അവകാശം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചു.

28. നമ്പർ V.51/12 തീയ്യതി 08.03.13 പ്രകാരം ശ്രീ.കൃഷ്ണൻ.പി.യും, മറ്റുള്ളവരും, ഡൊമ്പൻ കോളനി, മാട്ടുപ്പാറ, നെൻമാറ, പാലക്കാട് എന്നിവരുടെ എസ്.സി. ഡൊമ്പൻ അവകാശ വാദം തെറ്റാണെന്ന് തെളിയിക്കുന്ന റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

29. നമ്പർ V.112/03 തീയ്യതി 14.01.13 പ്രകാരം ശ്രീ.കെ.പി. സുനിൽ, കല്ലൂർ ഹൗസ്, പുൽപ്പള്ളി പി.ഒ., സുൽത്താൻബത്തേരി, വയനാട് എന്നിവരുടെ എസ്.സി കല്ലാടി അവ കാശവാദം തെറ്റാണെന്ന് വിശദീകരിക്കുന്ന റിപ്പോർട്ട് സമർപ്പിച്ചു.

## II) വിജിലൻസ് സെൽ തയ്യാറാക്കിയ സ്ക്രീനിംഗ് കമ്മിറ്റി കേസുകൾ

വിവിധ പ്രൊഫഷണൽ കോഴ്സുകൾ പ്രവേശനത്തിനായി നടത്തുന്ന പരീക്ഷകൾക്ക് സമർപ്പിക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ അപേക്ഷകൾ പരിശോധിക്കുകയും സ്ക്രീനിംഗ് കമ്മിറ്റി യുടെ ആവശ്യപ്രകാരം 1933 അപേക്ഷകരുടെ യഥാർത്ഥ ജാതി സംബന്ധിച്ച് നരവംശശാസ്ത്രപര മായ അന്വേഷണം നടത്തുകയുണ്ടായി. ഇതിൽ 326 അപേക്ഷകൾ പട്ടികജാതി/പട്ടികവർഗ്ഗ സമു ദായ സംവരണത്തിന് അർഹരല്ലായെന്ന് കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിശദ മായ നരവംശശാസ്ത്രപരമായ റിപ്പോർട്ടുകൾ സ്ക്രീനിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്തു.

| ക്രമ നം. | കോഴ്സ് | കേസുകളുടെ എണ്ണം | അർഹർ | അനർഹർ |
|---|---|---|---|---|
| 1 | ബി.എസ്.സി നഴ്സിംഗ് & മെഡിക്കൽ സ്ട്രീം | 115 | 88 | 27 |
| 2 | മെഡിസിൻ/എഞ്ചിനീയറിംഗ്/അഗ്രികൾച്ചർ 2012 | 831 | 684 | 147 |
| 3 | പി.ജി. മെഡിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി | 7 | 7 | - |
| 4 | പി.ജി. മെഡിക്കൽ & എം.ഡി.എസ്. | 8 | 7 | 1 |
| 5 | പി.ജി. നഴ്സിംഗ് | 5 | 5 | - |
| 6 | പി.ജി. മെഡിക്കൽ | 81 | 63 | 18 |
| 7 | പി.ജി. ആയുർവേദം | 15 | 15 | - |
| 8 | എം.സി.എ | 11 | 8 | 3 |
| 9 | എൽ.എൽ.ബി. 5 വർഷം | 69 | 65 | 4 |
| 10 | എൽ.എൽ.ബി. 3 വർഷം | 21 | 17 | 4 |
| 11 | ബിഎഡ് കോഴ്സ് | 90 | 61 | 29 |
| 12 | ബി ഫാം(എൽ.ഇ)കോഴ്സ് | | 9 | - |
| 13 | എൽ.എൽ.എം | 11 | 10 | 1 |
| 14 | മെഡിസിൻ/എഞ്ചിനീയറിംഗ്/അഗ്രികൾച്ചർ 2013 | 660 | 568 | 92 |
| | **ആകെ** | **1933** | **1607** | **326** |

## III) പൊതുവായ റിപ്പോർട്ടുകൾ

1. കേരളത്തിലെ വിവിധ താലൂക്കുകളിലെ തഹസിൽദാർമാർ ജാതി സംബന്ധമായ അന്വേഷണത്തിന് ആവശ്യപ്പെട്ട 118 വ്യക്തിഗത കേസുകളുടെ യഥാർത്ഥ ജാതി സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിച്ചു.

## I. പട്ടികജാതി / പട്ടികവർഗ്ഗ കമ്മീഷൻ

1. നമ്പർ ഡി 1 2302/12 തീയ്യതി 15.10.2012 പ്രകാരം ശ്രീ.മണികണ്ഠൻ, കെ.എഫ്.ഡി.സി, ഗവി കോളനി, വണ്ടിപ്പെരിയാർ, പത്തനംതിട്ട എന്നവരുടെ ഹിന്ദു പള്ളൻ അവകാശവാദം ശ്രീലങ്കൻ - പള്ളൻ ആണെന്നുള്ള റിപ്പോർട്ട് എസ്.സി/എസ്.ടി കമ്മീഷന് സമർപ്പിച്ചു.
2. നമ്പർ ഡി 1 2735/2013 തീയ്യതി 10.12.2012 പ്രകാരം ശ്രീ.ജയ്മോൻ, S/o. ഡാനിയേൽ, അഗാപറമ്പിൽ വീട്, കണിയാംപ്പറ്റ, വയനാട് എന്നവരുടെ ക്രസ്ത്യൻ കുറിച്യൻ അവകാശവാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് എസ്.സി/എസ്.ടി കമ്മീഷൻ, തിരുവനന്തപുരം - സമർപ്പിച്ചു.
3. നമ്പർ ഡി 1 2909/2012 തീയ്യതി 28.01.2013 പ്രകാരം ശ്രീമതി ആൻമേരി.എം, വട്ടക്കല്ലിങ്കൽ ഹൗസ്, കഞ്ചാസ് പി.ഒ, ഇടുക്കി എന്നവരുടെ ക്രസ്ത്യൻ മലയര അവകാശവാദം തെറ്റാണെന്ന് വിശദീകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് എസ്.സി/എസ്.ടി കമ്മീഷനു സമർപ്പിച്ചു.
4. നമ്പർ ഡി 1 411/13 തീയ്യതി 1.03.2013 പ്രകാരം ശ്രീമതി വിജയശ്രീ, കളത്തിൽ കൈലാസം, മാളികപറമ്പ്, കാടാച്ചിറ പി.ഒ, കണ്ണൂർ എന്നവരുടെ മലവേട്ടുവൻ അവകാശവാദം തെററാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് എസ്.സി/എസ്.ടി കമ്മീഷനു സമർപ്പിച്ചു.
5. നമ്പർ ഡി 1 390/13 തീയ്യതി പ്രകാരം പുഷ്പാംഗദൻ.കെ.കെ, കല്ലാടിക്കുന്ന് വീട്, കൈതപ്പൊയിൽ, കോഴിക്കോട് എന്നവരുടെ മണ്ണാൻ അവകാശവാദം ശരിയാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് എസ്.സി/എസ്.ടി കമ്മീഷനു സമർപ്പിക്കപ്പെട്ടു.

## II. പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമങ്ങൾ പ്രകാരമുള്ള കേസുകൾ

1. നമ്പർ ഡി 1 1579/2011 തീയ്യതി 17.11.2012 പ്രകാരം ശ്രീ. ഉദയകുമാർ, S/o. ഷൺമുഖൻ നാഥൻ, കമ്പമല കെ.എഫ്.ഡി.സി. എസ്റ്റേറ്റ് , പാടിഞ്ഞവിക്കൽ, വയനാട് എന്നവരുടെ പള്ളൻ അവകാശവാദം തമിഴ്നാട് പള്ളൻ ആണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് തലപ്പുഴ പോലീസ് സ്റ്റേഷൻ, വയനാട് (ജെ.പി.സി. ക്രൈം) ലേക്ക് സമർപ്പിച്ചു.

## III. സുതാര്യ കേരളം

1. നമ്പർ ഡി 1. 94/2012 തീയ്യതി 18.06.2012 റിപ്പോർട്ട് പ്രകാരം, ശ്രീ കണ്ണപ്പൻ. S/o. സൂര്യൻ പിള്ള, പാർവതി ഭവനം, തൈക്കാട്, തിരുവനന്തപുരം എന്നവരുടെ പരാതി പ്രകാരമുള്ള ജാതി നിർണ്ണയ റിപ്പോർട്ട് മുഖ്യമന്ത്രിയുടെ സുതാര്യകേരളം സെല്ലിലേക്കും, തിരുവനന്തപുരം തഹസിൽദാർക്കും സമർപ്പിച്ചു.

2. നമ്പർ ഡി 1 231/12 തീയ്യതി 25.10.2012 പ്രകാരം ശ്രീ. മണികണ്ഠനും മറ്റുള്ളവരും, ചന്ദ്രാ നഗർ.പി.ഒ, ചെമ്പാടം, പാലക്കാട് എന്നവരുടെ കാട്ടുനായ്ക്കൻ അവകാശവാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക സെല്ലിലേക്കും ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർക്കും സമർപ്പിച്ചു.
3. നമ്പർ ഡി1 930/2012 തീയ്യതി 8.11.2012 പ്രകാരം എലുമ്പൻ ഹൗസ്, പയ്യങ്കാനം, കൂട്ടിക്കോൾ, കാസർകോഡ് എന്നവരുടെ എസ്.എസ്.എൽ.സി ബുക്കിലെ ജാതി ചെറുമൻ എന്നാക്കുന്നതിലേക്കുള്ള റിപ്പോർട്ട് മുഖ്യമന്ത്രിയുടെ സുതാര്യ കേരളം സെല്ലിലേക്ക് സമർപ്പിച്ചു.

## IV. <u>പട്ടികജാതി ഡയറക്ടറേറ്റ്</u>

1. നമ്പർ ഡി1 1094/04 തീയ്യതി 13.07.2012 റിപ്പോർട്ട് പ്രകാരം ക്യാപ്റ്റൻ രാധാകൃഷ്ണൻ.എം.പി (റിട്ട) മലാത്ത് പറമ്പത്ത് ഹൗസ്, പയിമ്പ്ര, കുന്ദമംഗലം, കോഴിക്കോട് എന്നവരുടെ വാണിയൻ അവകാശവാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഡയറക്ടർ, എസ്.സി. ഡയറക്ടറേറ്റ്, തിരുവനന്തപുരം - സമർപ്പിച്ചു.
2. നമ്പർ ഡി1 115/2012 തീയ്യതി 11.12.2012 പ്രകാരം ശ്രീമതി സുജിഷ, ജിൽഷാ, പെരുംപിലാവിൽ, പിടാവണ്ണൂർ പി.ഒ, മലപ്പുറം എന്നവരുടെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിലെ ചെറുമൻ ജാതി, തിയ്യ എന്നാക്കി തിരുത്തിക്കൊണ്ടുള്ള റിപ്പോർട്ട് ഡയറക്ടർ, എസ്.സി.ഡയറക്ടറേറ്റ്, തിരുവനന്തപുരം സമർപ്പിച്ചു.

## V. <u>പിന്നോക്ക സമുദായ വികസന വകുപ്പിലേക്കുള്ള റിപ്പോർട്ടുകൾ</u>

1. നമ്പർ ഡി1 2623/12 തീയ്യതി 10.12.2012 പ്രകാരം ശ്രീമതി.ദീപ.ജി, അനിജാ ഭവൻ, കാക്കാമൂല, കല്ലിയൂർ, തിരുവനന്തപുരം എന്നവരുടെ ലാറ്റിൻ കത്തോലിക്ക് അവകാശവാദം തെറ്റാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് പിന്നോക്ക സമുദായ വികസന വകുപ്പിലേക്ക് സമർപ്പിച്ചു.

## VI. <u>ജില്ലാ കളക്ടർക്കുള്ള റിപ്പോർട്ടുകൾ</u>

1. നമ്പർ ഡി1 597/2011 തീയ്യതി 16.04.2012 റിപ്പോർട്ട് പ്രകാരം ശ്രീലങ്കൻ അഭയാർത്ഥികളുടെ ഹിന്ദു - പറയൻ അവകാശവാദം അനുവദിച്ചു കൊടുക്കാവുന്നതല്ലെന്നുള്ള റിപ്പോർട്ട് വയനാട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു.
2. നമ്പർ ഡി1 531/2012 തീയ്യതി 18.06.2012 പ്രകാരം ശ്രീമതി.ക്രിസ്റ്റീന ലോറൻസ്, പിണറായി, കണ്ണൂർ എന്നവരുടെ ലാറ്റിൻ കാത്തലിക് സമുദായം സംബന്ധിച്ച വിശദീകരണം കണ്ണൂർ കളക്ടർക്ക് സമർപ്പിച്ചു.
3. നമ്പർ ഡി1 698/08 തീയ്യതി 03.01.13 പ്രകാരം ശ്രീ.സഞ്ജയ് ശങ്കർ, പുലിപറമ്പിൽ വീട്, കുപ്പാടി, വയനാട് എന്നവരുടെ ഹിന്ദു-പണിയ അവകാശവാദം ശരിയാണെന്ന് തെളിയിക്കുന്ന റിപ്പോർട്ട് വയനാട് ഡിസ്ട്രിക് കളക്ടർക്കും എസ്.സി/എസ്.റ്റി കമ്മീഷൻ, തിരുവനന്തപുരം എന്നിവിടങ്ങളിലേക്കും സമർപ്പിക്കപ്പെട്ടു.

## VII. ഗവൺമെന്റിലേക്ക് സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകൾ.

1. നമ്പർ ഡി1 2085/12 തീയ്യതി 29.9.2012 പ്രകാരം ശ്രീമതി.ബിനി.എ, ബിനി നിവാസ്, എമിലി, കൽപന്ദ, കൽപ്പന്ദ നോർത്ത്, വയനാട് എന്നവരുടെ മണ്ണാൻ അവകാശവാദം ശരിയാണെന്ന് തെളിയിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഗവൺമെന്റിലേക്ക് സമർപ്പിച്ചു.
2. നമ്പർ ഡി1 1723/12 തീയ്യതി 20.10.12 പ്രകാരം ശ്രീ ധർമരാജ് റസാലത്ത് എന്നവരുടെ SIUC നാടാർ അവകാശവാദം ശരിയാണെന്ന് വിശദീകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിച്ചു.
3. നമ്പർ ഡി1 697/11 തീയ്യതി 1.11.12 പ്രകാരം ശ്രീ.എം.രാജൻ, തെന്ദവിള, കിഴക്കരികത്ത് വീട്, പെരിങ്ങമല, തിരുവനന്തപുരം എന്നവരുടെ SIUC നാടാർ അവകാശവാദം ശരിയാണെന്ന് തെളിയിക്കുന്ന റിപ്പോർട്ട് സമർപ്പിച്ചു.
4. നമ്പർ ഡി1 872/2005 തീയ്യതി 8.11.12 പ്രകാരം ശ്രീ എം.എസ് ഹരീഷ്കുമാർ, S/o.എ.പി.സുരേഷ്, മാവുംതറ വീട്, പടിയൂർ എന്നവരുടെ പുലയൻ അവകാശവാദം ശരിയാണെന്ന് തെളിയിക്കുന്ന റിപ്പോർട്ട് സമർപ്പിച്ചു.
5. നമ്പർ ഡി1 2655/12 തീയ്യതി 14.12.12 പ്രകാരം ശ്രീമതി.എസ്.റോഷ്നി, S/o എം.ശ്രീധരൻ, C-b ദൂരദർശൻ ക്വോർട്ടേഴ്സ്, കുടപ്പനക്കുന്ന്, തിരുവനന്തപുരം എന്നവരുടെ ക്രിസ്റ്റ്യൻ - കേരള മുതലി - സംബന്ധിച്ച പരാതി ക്രിസ്റ്റ്യൻ കേരള മുതലി ഒബിസി - ലിസ്റ്റിൽ ഉൾപ്പെടുന്നതല്ല. എന്ന വിശദീകരണം സമർപ്പിക്കപ്പെട്ടു.
6. നമ്പർ ഡി1 1864/11 തീയ്യതി 26.12.12 പ്രകാരം പാലക്കാട്, ചിന്ദൂർ, പെരിയചോല കോളനി നിവാസികളുടെ പട്ടകിവർഗ്ഗ അവകാശവാദം സംബന്ധിച്ച പരാതിയിൻമേലുള്ള മറുപടി - പട്ടികവർഗ്ഗക്കാരല്ല - എന്നുള്ള റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
7. നമ്പർ ഡി1 175/13 തീയ്യതി 30.01.13 പ്രകാരം കോളിൻ ഐസക് തോമസ്, പരിക്കാട്ടിൽ ഹൗസ്, ചിയാറം.പി.ഒ, തൃശ്ശൂർ എന്നവരുടെ പട്ടികവർഗ്ഗ മലഅരയ അവകാശവാദത്തിൻമേലുള്ള റിപ്പോർട്ട് സമർപ്പിച്ചു.
8. നമ്പർ ഡി1 2914/12 തീയ്യതി 13.02.13 പ്രകാരം ശ്രീ..ടിബു ഗ്രിഗറി ബാബു, ടിന്റു മറീന ബാബു, അനിന്ദ്.സി ഡാനി, C/o ബാബു.പി.പി & ബെന്ദി കുര്യാക്കോസ്, എൻ.ജി.ഒ ക്വോർട്ടേഴ്സ്, ജ1 - എ, കുട്ചേരി (പി.ഒ), കൊല്ലം എന്നവരുടെ പട്ടികജാതി മലഅരയ അവകാശവാദം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചു.
9. നമ്പർ ഡി1 963/2009 തീയ്യതി 13.02.13 പ്രകാരം ശ്രീ.രഞ്ജിത്, S/o രാമകൃഷ്ണൻ, രജനീഷ് ഭവൻ, പച്ചപൊയ്ക, കണ്ണൂർ എന്നവരുടെ ഹിന്ദു-വണ്ണാൻ അവകാശവാദം ശരിയാണെന്ന് സമർത്ഥിക്കുന്ന റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചു.
10. നമ്പർ ഡി1 1273/12 തീയ്യതി 11.02.13 പ്രകാരം ശ്രീ. കെ.വി.സന്തോഷും മന്ദുള്ളവരും, കുന്ദിപ്പുറം ഹൗസ്, കൊടിയേരി, തലശ്ശേരി, കണ്ണൂർ എന്നവരുടെ ഹിന്ദു ചക്ലിയൻ അവകാശ

വാദം തെന്നാണെന്നും, പരാതിക്കാർ ഹിന്ദു - കിടാരൻ സമുദായംഗങ്ങളാണെന്നും തെളിയിക്കുന്ന റിപ്പോർട്ട് സമർപ്പിച്ചു.

**ആകെ കേസുകളുടെ ഇനം തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.**

| ക്രമ നം. | ഇനം | തരം | ആകെ |
|---|---|---|---|
| 1 | താലൂക്ക് | | 118 |
| 2 | പിന്നോക്കസമുദായവികസന വകുപ്പ് | | 1 |
| 4 | ഗവൺമെന്റ് കത്തുകൾ | | 10 |
| 5 | കളക്ടർക്ക് | | 3 |
| 6 | മന്നുള്ളവ | ജനസമ്പർക്കം, സുതാര്യകേരളം, പട്ടികജാതി ഡയറക്ടറേറ്റ്, എസ്.സി/എസ്.ന്നി കമ്മീഷൻ | 12 |
| | **ആകെ** | | **144** |

## പരിശീലന വിഭാഗം

### 2012-2013 സാമ്പത്തിക വർഷത്തിൽ നടത്തിയ പരിശീലന പരിപാടികൾ

1. കേരളത്തിലെ ത്രിതല പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ അംഗങ്ങൾക്കായുള്ള പരിശീലന പരിപാടി (പാലക്കാട്, വയനാട് ജില്ലകൾ)
2. പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ റവന്യൂ ഉദ്യോഗസ്ഥർക്കുള്ള താലൂക്ക്തല ഏകദിന പരിശീലന പരിപാടി
3. തിരുമ്മു ചികിത്സ, ആവിക്കുളി, പഠനകേന്ദ്രം- ശില്പശാലയും, വൈദ്യചികിത്സാ ക്യാമ്പും
4. വയനാട് ജില്ലയിലെ തച്ചനാടൻ മൂപ്പൻ, വയനാട് കാടർ, കരിമ്പാലൻ എന്നീ സമുദായാംഗങ്ങൾക്കുള്ള വികസന പരിശീലന പരിപാടി
5. പാലക്കാട് ജില്ലയിലെ അട്ടപ്പാടി താലൂക്കിലെ പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്ക് വായനശാലയും ഇ-ലൈബ്രറിയും രൂപീകരിക്കുന്നത്സംബന്ധിച്ച പരിപാടി
6. വയനാട് ജില്ലയിലെ പണിയൻ, അടിയൻ വിഭാഗങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾക്കുള്ള വംശീയ വൈദ്യം പരിശീലന പരിപാടി
7. 30-ാമത് തലയ്ക്കൽ ചന്തു സ്മാരക അമ്പെയ്ത്ത് മത്സരങ്ങൾ
8. ദേശീയ തലത്തിൽ അമ്പെയ്ത്ത് മൽസരങ്ങളിൽ പങ്കെടുക്കുന്ന യുവതീ യുവാക്കൾക്ക് വാർഷിക ഗ്രാന്റ് നൽകുക.
9. ആധുനിക അമ്പെയ്ത്ത് ഉപകരണങ്ങൾ വാങ്ങൽ
10. ഇടമലക്കുടിയിലെ മുതുവാന്മാരുടെ സമഗ്രവികസനത്തിന് ആവശ്യമായ രൂപരേഖ തയ്യാറാക്കുന്നതിനും, സാമൂഹ്യ സാമ്പത്തിക ആരോഗ്യസ്ഥിതി അറിയുന്നതിനും വേണ്ടിയുള്ള പഞ്ചദിന പരിശീലന പരിപാടി

11. കൊല്ലം, പത്തനംതിട്ട ജില്ലകളിലെ മലപ്പണ്ടാരം സമുദായംഗങ്ങൾക്കായുള്ള പരിശീലന പരിപാടി.

## ആദികലാകേന്ദ്രം

### 2012-2013 സാമ്പത്തിക വർഷത്തിൽ നടത്തിയ പരിശീലന പരിപാടികൾ

1. കൊറഗനൃത്തം പഠനകളരി - 2012 നവംബർ 15 മുതൽ 29 വരെ കിർടാഡ്സ് ക്യാമ്പസിൽ സംഘടിപ്പിച്ചു.
2. പൈതൃകോത്സവം- നാടൻകലാമേള പ്രദർശന വിപണനമേള - 2012 ഡിസംബർ 22 മുതൽ 31 വരെ പാലക്കാട് ജില്ലയിലെ കൂനനാട്ടിൽ സംഘടിപ്പിക്കുകയുണ്ടായി.
3. പൈതൃകോത്സവം - നാടൻകലാമേള - 2013 ജനുവരി 24 മുതൽ ഫെബ്രുവരി 2 വരെ എറണാകുളം ജില്ലയിലെ വടക്കൻ പറവൂരിൽ സംഘടിപ്പിച്ചു.

## എത്നോളജിക്കൽ മ്യൂസിയം

**2012-2013** സാമ്പത്തിക വർഷത്തിൽ ശരാശരി 3960 സന്ദർശകർ ഉണ്ടായിരുന്നു. ഇവരിൽ കൂടുതലും സ്കൂൾ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, എന്നിവരായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഗോത്രവർഗ്ഗ സംസ്കൃതി പ്രദർശനത്തിന്റെ ഭാഗമായി വിവിധ സ്ഥലങ്ങളിലും, സ്ഥാപനങ്ങളിലും സംഘടിപ്പിച്ച പ്രദർശനങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. 2012 ഏപ്രിൽ 30 മുതൽ മെയ് 4 വരെ വയനാട്, ചേളാരി ഹയർ സെക്കന്റയി സ്കൂൾ, പന്നൂർ ഹയർസെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ ഗോത്രായനം പരിപാടിയുടെ ഭാഗമായി എക്സിബിഷനിൽ പ്രദർശന സ്റ്റോൾ സജ്ജീകരിക്കുകയുണ്ടായി.
2. 2012 ഡിസംബർ 22 മുതൽ 31 വ കൂനനാട്, പാലക്കാട്, പറവൂർ എന്നിവിടങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ നാടൻകലാമേള പ്രദർശനവിപണനമേള‘പൈതൃകോത്സവം’സംഘടിപ്പിച്ചു.
3. 2013 ജനുവരി 5 മുതൽ 20 വരെ മുക്കം ഫെസ്റ്റ് സംഘടിപ്പിച്ചു.
4. 2013 മാർച്ച് 15 മുതൽ 17 വരെ NIT യിൽ പ്രദർശന സ്റ്റോൾ സജ്ജീകരിക്കുകയുണ്ടായി.

## വികസന പഠന വിഭാഗം

### 2012- 13 സാമ്പത്തിക വർഷത്തിൽ വികസന പഠന വിഭാഗം സമർപ്പിച്ച റിപ്പോർട്ടുകൾ

- പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങൾക്കായുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കാസർഗോഡ്, വയനാട് ജില്ലകളിൽ നിന്നുള്ള പ്രൊമോട്ടർമാരുടെ തിരഞ്ഞെടുപ്പിൽ ഡിപ്പാർട്ട്മെൻറിനെ പ്രതിനിധീകരിച്ചു.

- കിലയുടെ സർവ്വേ അധികരിച്ച് ഇരുള, അടിയ, പണിയ എന്നീ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തൊഴിലവസ്ഥ, കൈവശമഭൂമി എന്നീ വിവരങ്ങളുടെ ക്രോഡീകരണം നടത്തി.
- മുദ്ധ മൂപ്പൻ ട്രൈബൽ മെഡിസിൽ ഡെവലപ്മെന്റ് സെന്ററിനെക്കുറിച്ച് പാലക്കാട് മാത്തൂർ വില്ലേജിൽ അന്വേഷണം നടത്തുകയും പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.
- ഇടുക്കി ജില്ലയിലെ മുതുവാൻ സമുദായത്തിന്റെ കോളനി തിരിച്ചുള്ള ജനസംഖ്യ കില യുടെ സർവ്വേ ആസ്പദമാക്കി തയ്യാറാക്കി.
- പ്രൊഫഷണൽ കോഴ്സുകൾക്ക് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവകാശപ്പെട്ട സീറ്റുകളി ലേക്ക് പ്രവേശനം ലഭിക്കുന്നില്ലെന്ന പരാതിയുമായി ബന്ധപ്പെട്ട് 2005 മുതൽ 2012 വരെ പ്രെഫഷണൽ കോഴ്സുകൾക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ എൻട്രൻസ് കമ്മീഷണറുടെ പക്കൽ നിന്നും ശേഖരിക്കുകയും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു.
- മുൻവർഷങ്ങളിൽ ഇ-ഗവേണൻസിൽ ദേശീയ അവാർഡ് നേടിയിട്ടുള്ള വകുപ്പികളേക്കു റിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു.
- കേരളത്തിലെ വിവിധ ജില്ലകളിലായുള്ള " ഏകാകിനിയായ ആദിവാസി അമ്മമാരെക്കുറി ച്ചുള്ള "പഠനം നടത്തി.
- റബ്ബർ കൃഷി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ എന്ന പഠനം നടത്തി.
- ന്യൂഡൽഹിയിൽ " ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിസ്ട്രേഷൻ " സംഘടി പ്പിച്ച " സ്റ്റേറ്റ് സിവിൽ സൊസൈറ്റി ആന്റ് പോളിസി മേക്കിംഗ് " സെമിനാർ വർക്ക്ഷോ പ്പിൽ ഡിപ്പാർട്ട്മെന്റിനെ പ്രതിനിധീകരിച്ചു.
- കൊല്ലം, പത്തനംതിട്ട ജില്ലകളിലെ മലൈപണ്ടാരം സമുദായംഗങ്ങൾക്കായി ത്രിദിന പരി ശീലന പരിപാടി സംഘടിപ്പിച്ചു.
- ഇക്കോ കൾച്ചറൽ മാപ്പിംഗുമായി ബന്ധപ്പെട്ട് ഭാഷാ റിസർച്ച് ആന്റ് പബ്ലിക്കേഷൻ സെന്റർ സംഘടിപ്പിച്ച മീറ്റിംഗിൽ പങ്കെടുത്തു.
- മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ്, ലിംഗ്വിസ്റ്റിക്സ് മൈനോറിറ്റി കമ്മീഷൻ എന്നി വിടങ്ങളിൽ നിന്നും ആവശ്യപ്പെട്ട വിവരങ്ങൾ തയ്യാറാക്കി സമർപ്പിച്ചു.
- ' എസ്. പി. എസ്. എസ്. സ്റ്റാറ്റിസ്റ്റിക്സ് ബേസ് 21 ' എന്ന സോഫ്റ്റ് വെയർ വാങ്ങു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- ഗോത്രായനം, വംശീയ വൈദ്യൻമാർക്ക് ഗ്രാന്റ് നൽകൽ, തലയ്ക്കൽ ചന്തു സ്മാരക അമ്പെയത്തു മത്സരം തുടങ്ങി ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച വിവിധ പരിപാടികൾ സജീവ പങ്കാളിത്തം വഹിച്ചു.

## റിസർച്ച് ഫെല്ലോഷിപ്പ്

2012 -- 2013 സാമ്പത്തിക വർഷത്തിൽ റിസർച്ച് ഫെല്ലോഷിപ്പുകളൊന്നും നൽകാൻ കഴിഞ്ഞിട്ടില്ല.

## സാമ്പത്തിക നില

- **ഈ വകുപ്പ്** 1979 - 80 വർഷം മുതൽ 50% കേന്ദ്രസഹായ പദ്ധതിയിൽ പ്രവർത്തിക്കുന്നു. പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും ഈ വകുപ്പിന്റെ ചെലവുകൾ നിർവ്വഹിക്കുവാനായി തുക വക കൊള്ളിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ പ്ലാൻ ഇനത്തിൽ 110.00 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 190.23 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തുകയുണ്ടായി. ഇതിനുപുറമെ ആദികലാകേന്ദ്രം പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയിനത്തിൽ 30.00 ലക്ഷം രുപയും വക കൊള്ളിക്കുകയുണ്ടായി. കിർടാഡ്സിന്റെ അടിസ്ഥാന സൗകര്യങ്ങൾ പ്ലാൻ ഇനത്തിൽ .01 ലക്ഷം രുപയും വക കൊള്ളിക്കുകയുണ്ടായി.

**2011 - 2012** വർഷത്തെയും **2012 - 2013** വർഷത്തെയും വകുപ്പിന്റെ ചെലവിലേയ്ക്കായി വകയിരുത്തിയതും ചെലവാക്കിയതുമായ തുകയുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

| വർഷം | ഹെഡ് ഓഫ് അക്കൗണ്ട് | വകയിരുത്തിയ തുക (ലക്ഷത്തിൽ ) | | ചെലവായ തുക (ലക്ഷത്തിൽ ) | |
|---|---|---|---|---|---|
| | | പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ | നോൺപ്ലാൻ |
| 2011 - 12 | 2225 – 02 – 800 - 91 ഗവേഷണവും പരിശീലനവും പ്രത്യേക പരിപാടികളും (50% സി.എസ്.എസ്) | 90.00 | 154.81 | 67.56 | 136.17 |
| | 2225 – 02 – 800 - 56 ആദികലാ ഗ്രാമം | 25.00 | -- | 19.26 | -- |
| | 2225 - 02 – 800 – 27 അടിസ്ഥാന സൗകര്യങ്ങൾ | .01 | -- | -- | -- |
| 2012 - 13 | 2225 – 02 – 800 - 91 ഗവേഷണവും പരിശീലനവും | 110.00 | 190.23 | 98.36 | 151.89 |

| | | | | | |
|---|---|---|---|---|---|
| | പ്രത്യേക പരിപാടികളും (50% സി.എസ്.എസ്) | | | | |
| | 2225 – 02 – 800 - 56 ആദികലാ ഗ്രാമം | 30.00 | -- | 29.69 | -- |
| | 2225 - 02 – 800 – 27 അടിസ്ഥാന സൗകര്യങ്ങൾ | .01 | -- | -- | -- |

- **2012 - 2013 പ്ലാൻ & നോൺപ്ലാൻ ചെലവുകൾ**

**2225 - 02 - 800 - 91** ഗവേഷണവും പരിശീലനവും പ്രത്യേകപരിപാടികളും

( **50%** കേന്ദ്രസഹായം)

| ശീർഷകം | ബജറ്റിൽ വകയിരുത്തിയ ( രൂപ ലക്ഷത്തിൽ ) | | ചെലവായ തുക | |
|---|---|---|---|---|
| | പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ | നോൺ പ്ലാൻ |
| **01 -** ശമ്പളം (അലവൻസുകളടക്കം) | -- | **186.11** | -- | **148.69** |
| **02 -** വേതനം | | **1.01** | | **1.01** |
| **04 -** യാത്രാചെലവുകൾ | **2.50** | **1.38** | **2.50** | **1.22** |
| **05 -** ഓഫീസ് ചെലവുകൾ | **2.50** | **.65** | **2.46** | **.57** |
| **06 -** വാടക,കരം,നികുതി മുതലായവ | | **.45** | | **.41** |
| **21-** 1. വാഹനം വാങ്ങിക്കൽ | -- | -- | - | - |
| 2. അനുകുനുപണികളും സംരക്ഷണവും | **2.00** | **.30** | **.51** | - |
| **34-** മറ്റു ചെലവുകൾ | **21.50** | - | **20.41** | - |
| **45-** പി. ഒ. എൽ | **2.50** | **.33** | **1.67** | - |
| **90-** റിസർച്ച് പ്രോഗ്രാം | **32.00** | - | **31.66** | - |
| **91-** ട്രെയിനിംഗ് പ്രോഗ്രാം | **47.00** | - | **39.14** | - |
| ആകെ | **110.00** | **190.23** | **98.36** | **151.90** |

**2225 -02 – 800 - 56** പ്ലാൻ

ആദികലാഗ്രാമം **30.00** -- **29.69** --

**2225 - 02 – 800 – 27**

അടിസ്ഥാന സൗകര്യങ്ങൾ **0.01** --

- ഈ വകുപ്പ് സാമ്പത്തിക സഹായം /കടം ഒന്നും തന്നെ നൽകുന്നില്ല.

- ഈ വകുപ്പിൽ  ടാക്സ് / ടാക്സേതര വരുമാനങ്ങളൊന്നും തന്നെയില്ല.

- പദ്ധതിയിനത്തിൽ 50% കേന്ദ്രവിഹിതത്തിൽ പ്രവർത്തിക്കുന്ന ഈ വകുപ്പിന്2012-13 വർഷത്തിൽ  ലഭിക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം രൂ. 49.18 ലക്ഷം രൂപയാണ്.  44.93 ലക്ഷം രൂപ  കേന്ദ്രവിഹിതമായി  ലഭിച്ചിട്ടുണ്ട്.

- 1. ഗ്യാരന്റീയിംഗ് ക്വാളിറ്റി എഡ്യൂക്കേഷൻ പദ്ധതിയുടെ **സ്പെഷ്യൽ ടി.എസ്.ബി.** അക്കൗണ്ട് നമ്പർ  5501 ,  2011 - 12 സാമ്പത്തിക വർഷത്തിൽ  13,48,661/- രൂപ ബാക്കിയുണ്ട്.
  - 2. വംശീയ സംഗീതോപകരണ ശിൽപശാലയുടെ നടത്തിപ്പിനായി ടി.എസ്.ബി. എക്കൗണ്ട് നമ്പർ  5663  ഉണ്ട്.

  - കേന്ദ്രസർക്കാറിൽ(മിനിസ്ട്രി ഓഫ് ട്രൈബൽ അഫയേഴ്സ്) നിന്നും ഫണ്ട് ലഭിക്കുന്നതിനായി ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം. 32196233829  ആരംഭിച്ചു.

  - വിജിലൻസ് വിഭാഗത്തിന്റെ ശാക്തീകരണത്തോടനുബന്ധിച്ചുള്ള ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ടി.എസ്.ബി. അക്കൗണ്ട് നമ്പർ  1/7134  ആരംഭിച്ചു.

- 2012 - 13 സാമ്പത്തിക വർഷത്തിലെ  ഈ വകുപ്പിന്റെ റീ കൺസിലേഷൻ സർട്ടിഫിക്കറ്റുകൾ മുഴുവൻ എക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്.
- റിപ്പോർട്ട് വർഷത്തിൽ വിജിലൻസ് വിഭാഗത്തിന്റെ ശാക്തീകരണത്തോടനുബന്ധിച്ച് 5.2.2011 ലെ സ.ഉ (ആർ.ടി) നം. 158/11/പജ.പവ.വിവ. അനുസരിച്ച് 2 അസിസ്റ്റന്റ്  ഡയറക്ടർമാരേയും 39 റിസർച്ച് അസിസ്റ്റന്റ്മാരേയും ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.

## കിർടാഡ്സ് ലൈബ്രറിയുടെ 2012 -13 വർഷത്തെ പ്രവർത്തനങ്ങൾ

കിർടാഡ്സിലെ ഗവേഷണകാര്യങ്ങൾക്ക് സഹായകമാവുന്ന രീതിയിലുള്ള പ്രവർത്തനം നടത്തുക എന്നതാണ് ലൈബ്രറിയുടെ ദൗത്യം.  ഇതിനായി ഏറ്റവും പുതിയ പുസ്തകങ്ങൾ, ജേർണലുകൾ, മാസികകൾ, സിഡികൾ, ഗവൺമെന്റ് പ്രസിദ്ധീകരണങ്ങൾ, സെൻസസ് വാല്യങ്ങൾ, റിപ്പോർട്ടുകൾ എന്നിവ ലഭ്യമാണ്.  നരവംശശാസ്ത്രം, ട്രൈബൽ പഠനങ്ങൾ, സ്റ്റാറ്റിസ്റ്റിക്സ്, വിദ്യാഭ്യാസം, ദളിത് പഠനങ്ങൾ, ചരിത്രം, ഫോക്‌ലോർ തുടങ്ങിയ വിഷയങ്ങളിലുള്ള

പുസ്തകങ്ങളുടെ വിപുലമായ സഞ്ചയമാണ് ലൈബ്രറി. ഒൻപതു വിദേശജേർണലുകളും പതിനാല് ഇന്ത്യൻ ജേർണലുകളും സൗജന്യമായി ലഭിക്കുന്ന ഇരുപത്തി ഒന്നോളം ജേർണലുകളും ലൈബ്രറിയിൽ ലഭ്യമാണ്.

കിർടാഡ്സിലെ അംഗങ്ങൾക്കു പുറമേ സ്കൂൾ, കോളേജ്, സർവ്വകലാശാല തലങ്ങളിലുള്ള വിദ്യാർത്ഥികൾ, ഗവേഷകർ തുടങ്ങിയവർ തങ്ങളുടെ റഫറൻസ്, പ്രോജക്ട് ആവശ്യങ്ങൾക്കായും, ഉദ്യോഗസ്ഥർ ഔദ്യോഗിക ആവശ്യങ്ങൾക്കുമായി ലൈബ്രറി ഉപയോഗപ്പെടുത്താറുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളും സമുദായങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന കേരളത്തിലേയും, മന്നു സംസ്ഥാനങ്ങളിലെയും, വിദേശസ്ഥാപനങ്ങളിലെയും, സർവ്വകലാശാലകളിലെയും വിദ്യാർത്ഥികളും ഗവേഷകരും ലൈബ്രറി സന്ദർശിച്ച് ലൈബ്രറിയിലെ റഫറൻസ് സൗകര്യം പ്രയോജനപ്പെടുത്താറുണ്ട്. 2012-13 വർഷത്തിൽ 244 പേർ റഫറൻസ് സൗകര്യം ഉപയോഗിച്ചു.

റിപ്പോർട്ട് വർഷാരംഭത്തിൽ 13243 പുസ്തകങ്ങൾ സ്റ്റോക്കിലുണ്ടായിലുന്നു. വാർഷിക പർച്ചേസിൽ വാങ്ങിയ പുസ്തകങ്ങളും (175), സംഭാവനയായി ലഭിച്ച പുസ്തകങ്ങളും (2) അടക്കം 13420 പുസ്തകങ്ങൾ റിപ്പോർട്ട് വർഷാവസാനം ലൈബ്രറിയിലുണ്ട്. പുസ്തകങ്ങളുടെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും, കാറ്റലോഗിൽ വയ്ക്കുവാനാവശ്യമായ കാർഡുകളിൽ പുസ്തകങ്ങളുടെ വിവരങ്ങൾ എഴുതിച്ചേർക്കുന്ന ജോലി പുരോഗമിച്ചു വരികയാണ്.

സമുദായങ്ങളുടേയും പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളുടെയും പൊതുവായി കേരളത്തെക്കുറിച്ചും പുസ്തകങ്ങളിലും ജേർണലുകളിലും വരുന്ന ലേഖനങ്ങളുടെ വിശദാംശങ്ങൾ ലേഖന സൂചികയിൽ എഴുതിച്ചേർത്തു. Scheduled Tribes of Kerala at a glance (Rs. 20/-), സമുദായ നിർണ്ണയ പഠനങ്ങൾ (സീരീസ്-1 ) (Rs. 30/-), സമുദായ നിർണ്ണയ പഠനങ്ങൾ (സീരീസ്-2 ) (Rs. 30/-) Anthropology of Tribal Health and medicine in forest environment (75/-), Research publication series Vol I(Rs. 383/-), Research publication Series Vol II (Rs. 300/-), Ethno biology of the Kurumbar of Attappadi (Rs.125/-), Dictionary of Tribal Languages-Vol I (Rs. 125/-)എന്നീ പ്രസിദ്ധീകരണങ്ങൾ വില്പനയ്ക്ക് ലഭ്യമാണ്. റിപ്പോർട്ട് വർഷത്തിൽ 4770 രൂപയുടെ 49 ഓളം പ്രസിദ്ധീകരണങ്ങൾ വില്പന നടത്തുകയുണ്ടായി.

## വിവരാവകാശ നിയമം

- പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ : ശ്രീ. കെ.വി. രാജീവ്
  അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
  കിർടാഡ്സ്, കോഴിക്കോട് - 17

  അസിസ്റ്റന്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ : ശ്രീ. കെ.പി.അബ്ദുറഹിമാൻ
  ജൂനിയർ സൂപ്രണ്ട്
  കിർടാഡ്സ്, കോഴിക്കോട് - 17

  അപ്പലറ്റ് അതോറിറ്റി : ഡോ. ബിന്ദു. എസ്.
  ഡയറക്ടർ
  കിർടാഡ്സ്, കോഴിക്കോട് - 17

- ലഭിച്ച കേസുകൾ : 131

  തീർപ്പുകൽപിച്ച കേസുകൾ : 131

- പിഴ ഈടാക്കിയ കേസുകൾ : ഇല്ല
- സുവോ മോട്ടോ പരസ്യപ്പെടുത്തിയത് : ഇല്ല
- സംസ്ഥാന വിവരാവകാശ കമ്മീഷൻ മുൻപാകെ തീർപ്പാകാനുള്ള കേസുകൾ : ഇല്ല
- സേവനാവകാശ നിയമപ്രകാരം ലഭിച്ച കേസുകൾ : ഇല്ല.

ഡയറക്ടർ
കിർടാഡ്സ്, കോഴിക്കോട് .

എസ്.എൻ./ 26 .08.13